സ്കീം എന്നീ പ്രധാനപ്പെട്ട മൂന്നു പദ്ധതികളാണുള്ളത്. ഇതിൽ ഷോളയൂർ പദ്ധതിയിൽനിന്നും ആഗ്മെന്റേഷൻ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. മിക്കവാറും ഒന്നുരണ്ട് മാസങ്ങൾകൊണ്ട് അത് പൂർത്തീകരിക്കും. അഗളി പഞ്ചായത്തിൽ അഗളി വാട്ടർ സപ്ലൈ സ്കീം ഉണ്ട്. അതുപോലെതന്നെ ഇപ്പോൾ വെള്ളമാലി, നായ്ക്കരപ്പടി, നെല്ലിപ്പതി തുടങ്ങിയ ഏഴ് സെറ്റിൽമെന്റിലേയ്ക്ക് എക്സ്റ്റൻഷൻ പ്രവർത്തനങ്ങൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. രണ്ടുമാസംകൊണ്ട് പൂർത്തീകരിക്കുന്നതാണ്. പുത്തൂർ പഞ്ചായത്തിൽ ഇതുപോലുള്ള ചില എക്സ്റ്റൻഷൻ പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നുണ്ട്. അത് ആയി വരുമ്പോൾ വെള്ളം കിട്ടുമല്ലോ. പഴയ കാലങ്ങളിൽ ഇതൊന്നും നോക്കിയിരുന്നില്ല. അന്ന് വെള്ളം കിട്ടിയോ ഇല്ലയോ എന്ന് ചോദിക്കാനും ആളില്ല. നടപടിയെടുക്കാനും ആളുണ്ടായിരുന്നില്ല, ഇന്നതല്ല. ഇതിനെല്ലാം പുറമെ അട്ടപ്പാടിയിൽ ഈ വർഷംതന്നെ ആകെ 24 ട്യൂബ് വെല്ലിൽ 18 എണ്ണം കുഴിച്ചുകഴിഞ്ഞു. അതിൽനിന്ന് ശുദ്ധജലം ലഭിച്ചുകൊണ്ടിരിക്കുന്നു. ബാക്കിയുള്ള കുഴൽ കിണറുകളും കുഴിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കുറെയെല്ലാം കാര്യങ്ങൾ പരിഹരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ബാക്കിയുള്ളത് രണ്ടുമൂന്നു മാസംകൊണ്ട് പരിഹരിക്കാൻ കഴിയും.

V. മേശപ്പുറത്തുവച്ച കടലാസുകൾ

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു:

(1) 1985 മേയ് 7-ാം തീയതിയിലെ ജി. ഒ. (പി.) നമ്പർ 183/85/ജി. എ. ഡി. (എസ്. ആർ. ഒ. നമ്പർ 342/85) ഉം 1985 ജൂൺ 25-ാം തീയതിയിലെ തിരുത്ത് വിജ്ഞാപനം നമ്പർ 66479/എസ്. സി. 1/85/ജി. എ. ഡി.

(2) ശ്രീ കൂടൽമാണിക്യം ദേവസ്വത്തിന്റെ 1984-ലെ ഭരണ റിപ്പോർട്ട്.

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, താഴെ പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തു വയ്ക്കുന്നു:

(1) 1984 നവംബർ 28-ാം തീയതിയിലെ ജി. ഒ. (പി.) നമ്പർ 259/84/പൊതുവിദ്യാഭ്യാസം (എസ്. ആർ. ഒ. നമ്പർ 863/85).

(2) കോഴിക്കോട് സർവ്വകലാശാലയുടെ 1983-84 ലേക്കുള്ള വാർഷിക കണക്കും 1983-84 ലേക്കുള്ള ഓഡിറ്റ് റിപ്പോർട്ടും അതിൻ മേലുള്ള സിൻഡിക്കേറ്റിന്റെ അഭിപ്രായപ്രകടനവും.

ധനകാര്യവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, താഴെ പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തു വയ്ക്കുന്നു:

(1) 1985 മേയ് 10-ാം തീയതിയിലെ ജി. ഒ. എം. എസ്. നമ്പർ 44/85/ടി. ഡി, (എസ്. ആർ. ഒ. നമ്പർ 63085).

LIBRARY ARCHIVES Kerala Legislative Assembly

(2) കം.പ്ട്രോളർ ആൻഡ് ആഡിറ്റർ ജനറൽ ഓഫ് ഇൻഡ്യയുടെ 1983-84 ലേയ്ക്കുള്ള കേരള ഗവൺമെൻറിനെ സംബന്ധിക്കുന്ന റിപ്പോർട്ട് (കമേഴ്സ്യൽ).

(3) 1985 മേയ് 24-ാം തീയതിയിലെ ജി. ഒ.(പി.)നമ്പർ 302/85/ ഫിൻ. (എസ്. ആർ. ഒ. നമ്പർ 775/85).

(4) 1985 മേയ് 24-ാം തീയതിയിലെ ജി. ഒ. (പി.) നമ്പർ 303/85/ ഫിൻ. (എസ്. ആർ. ഒ. നമ്പർ 776/85).

(5) 1985 ജനുവരി 3-ാം തീയതിയിലെ ജി. ഒ. (പി.) നമ്പർ 2/85/ ടി. ഡി. എസ്. ആർ. ഒ. നമ്പർ 169/85).

(6) 1985 ജൂൺ 1-ാം തീയതിയിലെ ജി. ഒ. (പി.) നമ്പർ 53/85/ ടി. ഡി. (എസ്. ആർ. ഒ. നമ്പർ 829/85).

(7) 1985 ജൂൺ 4-ാം തീയതിയിലെ ജി. ഒ. (പി.) നമ്പർ 63/85/ ടി. ഡി. (എസ്. ആർ ഒ. നമ്പർ 830/85).

(8) 1985 ജൂൺ 4-ാം തീയതിയിലെ ജി. ഒ. (പി.) നമ്പർ 64/85/ ടി. ഡി. (എസ്. ആർ. ഒ. നമ്പർ 831/85).

എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എൻ. ശ്രീനിവാസൻ): സർ, താഴെ പറയുന്ന കടലാസ് ഞാൻ മേശപ്പുറത്തു വയ്ക്കുന്നു:

1985 മേയ് 7-ാം തീയതിയിലെ ജി ഒ. (പി.) നമ്പർ 43/85/ പി. ഡബ്ലിയു. എഫ്. ആൻറ് പി. ഡി. (എസ്. ആർ. ഒ. നമ്പർ 758/85).

ആഭ്യന്തരവകുപ്പുമന്ത്രി (ശ്രീ. വയലാർ രവി): സർ, താഴെപ്പറയുന്ന കടലാസ് ഞാൻ മേശപ്പുറത്തു വയ്ക്കുന്നു:

1983 ജൂലായ് 6-ാം തീയതി വയനാടു ജില്ലയിലെ മുള്ളൻകൊല്ലി യിലും പുൽപ്പള്ളിയിലും നടന്ന പോലീസ് വെടിവെയ്പ്പിനെ സംബന്ധിച്ച അന്വേഷണക്കമ്മീഷൻറെ റിപ്പോർട്ടും അതിൻ മേൽ ഗവൺമെൻറ് കൈക്കൊണ്ട നടപടികളുടെ മെമ്മോറാണ്ടവും.

VI. റിപ്പോർട്ട് സമർപ്പണം

(i) കാര്യോപദേശകസമിതിയുടെ പതിനഞ്ചാമത് റിപ്പോർട്ട്

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, കാര്യോപദേശകസമി തിയുടെ പതിനഞ്ചാമതു റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

(ii) പബ്ലിക് അണ്ടർടേക്കിംഗ്സ് കമ്മിറ്റിയുടെ ഇരുപത്തിരണ്ടാമതു റിപ്പോർട്ട്

ശ്രീ. പി. സീതിഹാജി: സർ, പൊതുമേഖലാസ്ഥാപനങ്ങൾക്കാ യുള്ള സമിതിയുടെ 22-ാമതു റിപ്പോർട്ട് സമർപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly